**മധുരമായ കുട്ടികളേ- അന്തർമുഖിയായി വിചാരസാഗര മഥനം ചെയ്യൂ എങ്കിൽ സന്തോഷവും ലഹരിയും ഉണ്ടാകും, നിങ്ങൾ ബാബയ്ക്കു സമാനം ടീച്ചറായി മാറും.**

**ചോദ്യം:-** സ്ഥായിയായ ആന്തരീക സന്തോഷം എന്തിന്റെ ആധാരത്തിലാണ് ഉണ്ടാവുക?
**ഉത്തരം:-** എപ്പോഴാണോ മറ്റുള്ളവരുടെ മംഗളം ചെയ്ത് എല്ലാവരേയും സന്തുഷ്ടരാക്കുന്നത് അപ്പോഴാണ് സ്ഥായിയായ സന്തോഷം ഉണ്ടാകുന്നത്. ദയാഹൃദയരാവുകയാണെങ്കിൽ സന്തോഷം ഉണ്ടാകും. ആരാണോ ദയാമനസ്കർ അവരുടെ ബുദ്ധിയിൽ ഉണ്ടാകും ആഹാ, സർവ്വാത്മാക്കളുടേയും പിതാവ് നമ്മളെ പഠിപ്പിക്കുകയാണ്, പാവനമാക്കി മാറ്റുകയാണ്, നമ്മൾ വിശ്വത്തിന്റെ മഹാരാജാവായി മാറുകയാണ്! അവർ ഇങ്ങനെ സന്തോഷത്തിന്റെ ദാനം ചെയ്തുകൊണ്ടേയിരിക്കും.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളോട് ചോദിക്കുകയാണ്- കുട്ടികളേ, ഇപ്പോൾ ഓം ശാന്തി എന്ന് ആരാണ് പറഞ്ഞത്? (ശിവബാബ) അതെ, ശിവബാബയാണ് പറഞ്ഞത്; എന്തുകൊണ്ടെന്നാൽ കുട്ടികൾക്ക് അറിയാം ബാബ സർവ്വാത്മാക്കളുടേയും പിതാവാണ്. പറയുന്നു ഞാൻ കല്പ കല്പം ഈ രഥത്തിൽ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. അപ്പോൾ ബാബ പഠിപ്പിക്കുന്ന ടീച്ചറും കൂടിയാണ്. ടീച്ചർ വന്ന് ഗുഡ്മോണിംഗ് എന്നു പറയും. അപ്പോൾ കുട്ടികളും ഗുഡ്മോണിംഗ് പറയും. കുട്ടികൾക്ക് അറിയാം ഇവിടെ ആത്മാക്കളോട് പരമാത്മാവ് ഗുഡ്മോണിംഗ് പറയുകയാണ്. ലൗകിക രീതിയിൽ വളരെയധികം പേർ ഗുഡ്മോണിംഗ് പറയാറുണ്ട്. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത അച്ഛനാണ് വന്ന് പഠിപ്പിക്കുന്നത്. കുട്ടികൾക്ക് മുഴുവൻ വൃക്ഷത്തേയും അഥവാ ഡ്രാമയുടെ രഹസ്യത്തേയും മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്കറിയാം സർവ്വ ആത്മാക്കളുടേയും അച്ഛനാണ് വന്നിരിക്കുന്നത്. ഈ നിശ്ചയം മുഴുവൻ ദിവസവും ബുദ്ധിയിൽ ഉണ്ടായിരിക്കണം അതായത് പരിധിയില്ലാത്ത അച്ഛൻ നമ്മെ പഠിപ്പിക്കുകയാണ്, ബാബ നമ്മുടെ അച്ഛനും ടീച്ചറും ഗുരുവുമാണ്. ബാബയെ രചയിതാവ് എന്ന് വിളിക്കുന്നു- ഇതും മനസ്സിലാക്കണം. ആത്മാക്കളെ സൃഷ്ടിക്കുന്നില്ല. മനസ്സിലാക്കിത്തരുകയാണ്- ഞാൻ ബീജരൂപനാണ്. ഈ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ജ്ഞാനം നിങ്ങളെ കേൾപ്പിക്കുന്നു. ബീജത്തിനല്ലാതെ മറ്റാർക്ക് ഈ ജ്ഞാനം നൽകാൻ കഴിയും? എന്നാൽ ഈ വൃക്ഷം സൃഷ്ടിച്ചത് ബാബയാണ് എന്ന് പറയില്ല. ബാബ പറയുന്നു- കുട്ടികളേ, ഇത് അനാദിയാണ്. ഇല്ലെങ്കിൽ എപ്പോൾ എങ്ങനെ സൃഷ്ടിച്ചു എന്ന തീയ്യതിയും സമയവും എല്ലാം പറയുമായിരുന്നില്ലേ. എന്നാൽ ഇത് അനാദി രചനയാണ്. ബാബയെ ജ്ഞാനസാഗരൻ എന്നാണ് പറയുന്നത്. എല്ലാം അറിയുന്നവൻ അർത്ഥം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യത്തെ അറിയുന്നു. ബാബ തന്നെയാണ് മനുഷ്യസൃഷ്ടിയുടെ ബീജരൂപം, ജ്ഞാനസാഗരനുമാണ്. ബാബയിലാണ് മുഴുവൻ ജ്ഞാനവുമുള്ളത്, ബാബ തന്നെയാണ് വന്ന് കുട്ടികളെ പഠിപ്പിക്കുന്നത്. എല്ലാ മനുഷ്യരും പറഞ്ഞുകൊണ്ടിരിക്കുന്നു- എങ്ങനെ ശാന്തിയുണ്ടാകും? നിങ്ങൾ ഇപ്പോൾ പറയുന്നു ശാന്തി സ്ഥാപിക്കാൻ ശാന്തിസാഗരനു മാത്രമേ കഴിയൂ. ബാബ ശാന്തി, സുഖം, ജ്ഞാനത്തിന്റെ സാഗരമാണ്. എങ്ങനെയുള്ള ജ്ഞാനം? സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം. മനുഷ്യർ ശാസ്ത്രങ്ങളെ ജ്ഞാനം എന്നു കരുതുന്നു. ഇങ്ങനെ ശാസ്ത്രം കേൾപ്പിക്കുന്നവർ അനേകമുണ്ട്. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത അച്ഛൻ സ്വയം വന്ന് പരിചയം നൽകുന്നു ഒപ്പം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനവും നൽകുന്നു. ബാബയുടെ വരവിലൂടെ മാത്രമേ ശാന്തി സ്ഥാപിതമാകൂ എന്നും അറിയാം. അവിടെ ശാന്തി തന്നെ ശാന്തിയാണ്. ശാന്തിധാമത്തിൽ എല്ലാവരും ശാന്തിയിൽ വസിച്ചിരുന്നു എന്ന കാര്യവും ആരും അറിയുന്നില്ല. ഇവിടെ എങ്ങനെ ശാന്തിയുണ്ടാകും എന്നു ചോദിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ തീർച്ചയായും ശാന്തിയുണ്ടായിരുന്നു. രാമരാജ്യത്തിലുണ്ടായിരുന്ന ശാന്തിയാണ് വേണ്ടത്. എന്നാൽ രാമരാജ്യം എപ്പോഴാണ് ഉണ്ടായിരുന്നത് എന്നതും ആർക്കും അറിയില്ല. ബാബയ്ക്കറിയാം എത്രയധികം ആത്മാക്കളാണ്. ഞാൻ സർവ്വാത്മാക്കളുടെയും അച്ഛനാണ്. ഇങ്ങനെ മറ്റാർക്കും പറയാൻ കഴിയില്ല. എത്ര ആത്മാക്കളുണ്ടോ, അവർ എല്ലാവരും ഈ സമയം ഇവിടെയുണ്ട്. ആദ്യം ശാന്തിധാമത്തിലായിരുന്നു പിന്നീട് സുഖധാമത്തിലെത്തി അവിടെനിന്ന് ദുഃഖധാമത്തിലെത്തി. സുഖ-ദുഃഖത്തിന്റെ ഈ കളി എങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത് - ഇത് ആർക്കും അറിയില്ല. വരവുപോക്കിന്റെ കളിയാണ് എന്ന് വെറുതേ പറയുക മാത്രം ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ബാബ നമ്മൾ സർവ്വാത്മാക്കളുടേയും അച്ഛനാണ്. ബാബ നമ്മളെ ജ്ഞാനം കേൾപ്പിക്കുകയാണ്. ബാബ വന്ന് സ്വർഗ്ഗരാജ്യത്തിന്റെ സ്ഥാപന ചെയ്യുകയാണ്. നമ്മളെ പഠിപ്പിക്കുകയാണ്. പറയുന്നു- കുട്ടികളേ, നിങ്ങൾ തന്നെയായിരുന്നു ദേവത. സർവ്വാത്മാക്കളുടേയും അച്ഛനാണ് നിങ്ങളെ പഠിപ്പിക്കുന്നത്, ഇങ്ങനെ മറ്റാരും പറയുകയില്ല. പരിധിയില്ലാത്ത എത്ര വലിയ നാടകമാണ് എന്നാൽ മനുഷ്യർ അതിനെ ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് പറ

ഞ്ഞു. നിങ്ങൾ പറയുന്നു ഇത് 5000 വർഷങ്ങളുടെ കളിയാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ശാന്തി രണ്ട് പ്രകാരത്തിലുണ്ട്– ഒന്ന് ശാന്തിധാമത്തിലെ ശാന്തി, രണ്ടാമത്തേത് സുഖധാമത്തിലെ ശാന്തി. സർവ്വാത്മാക്കളുടേയും അച്ഛനാണ് ഞങ്ങളെ പഠിപ്പിക്കുന്നത് എന്ന കാര്യം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഇക്കാര്യങ്ങൾ ശാസ്ത്രങ്ങളിലും ഇല്ല. പരിധിയില്ലാത്ത അച്ഛനല്ലേ. സർവ്വ ധർമ്മങ്ങളിലുള്ളവരും ബാബയെ അല്ലാഹു, ഗോഡ്ഫാദർ, പ്രഭൂ എന്നെല്ലാം വിളിക്കുന്നു. അതിനാൽ ബാബയുടെ പഠിപ്പും തീർച്ചയായും ഇത്രയും ഉയർന്നതായിരിക്കും. ഇതെല്ലാം മുഴുവൻ ദിവസവും നിങ്ങളുടെ ഉള്ളിലുണ്ടായിരിക്കണം. ബാബ പറയുന്നു ഞാൻ നിങ്ങളെ പുതിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. പുതിയ രീതിയിൽ പഠിപ്പിക്കുകയാണ്. നിങ്ങൾ പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ദേവിമാർക്ക് വളരെ അധികം അംഗീകാരമുണ്ട്. വാസ്തവത്തിൽ ഈ ബ്രഹ്മാവും വലിയ അമ്മയാണ്. ശിവബാബയെയാണെങ്കിൽ കേവലം പിതാവ് എന്നാണ് വിളിക്കുന്നത്. ബാബയെ മാതാപിതാവെന്നും വിളിക്കുന്നു. ബ്രഹ്മാവാകുന്ന മാതാവിലൂടെ ബാബ നിങ്ങളെ ദത്തെടുക്കുകയാണ്. കുട്ടികളേ– കുട്ടികളേ എന്നു വിളിച്ചുകൊണ്ടിരിക്കുന്നു.

ബാബ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്ക് ശേഷവും നിങ്ങളെ ഈ ജ്ഞാനം കേൾപ്പിക്കുന്നു. ഈ ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾ ഓരോ ഓരോ വാക്കും പുതിയതായി കേൾക്കുകയാണ്. ജ്ഞാനസാഗരനായ ബാബയുടേത് ആത്മീയ ജ്ഞാനമാണ്. ആത്മീയ പിതാവാണ് ജ്ഞാനസാഗരൻ. ആത്മാവാണ് വിളിക്കുന്നത് ബാബാ എന്ന്. കുട്ടികളും എല്ലാകാര്യങ്ങളേയും നല്ലരീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യുന്നു. അന്തർമുഖിയായി മാറി ഇങ്ങനെ ഇങ്ങനെ വിചാര സാഗര മഥനം ചെയ്യുമ്പോൾ സന്തോഷവും ലഹരിയും ഉണ്ടാകും. ശിവബാബയാണ് വലിയ ടീച്ചർ. ബാബ പിന്നീട് നിങ്ങളേയും ടീച്ചറാക്കി മാറ്റുന്നു. അതിലും നമ്പർവൈസാണ്. ബാബയ്ക്ക് അറിയാം– ഈ കുട്ടി വളരെ നന്നായി പഠിക്കുന്നുണ്ട്. അവരെക്കണ്ട് എല്ലാവരും സന്തുഷ്ടരാകുന്നു. നിങ്ങളെ ഇങ്ങനെയാക്കി മാറ്റിയ ബാബയുടെ അടുത്തേയ്ക്ക് ഞങ്ങളേയും വേഗം കൊണ്ടുപോകൂ എന്ന് പറയുന്നു. ബാബ പറയുന്നു– ഞാൻ ബ്രഹ്മാവിന്റെ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിന്റെ അന്തിമ സമയത്താണ് ഇവരിൽ പ്രവേശിച്ച് നിങ്ങളെ പഠിപ്പിക്കുന്നത്. കല്പ കല്പം ഞാൻ എത്ര തവണ ഈ ഭാരതത്തിൽ വന്നിട്ടുണ്ടാകും. നിങ്ങൾ ഈ പുതിയ കാര്യങ്ങൾ കേട്ട് അത്ഭുതപ്പെടുന്നു. പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിക്കുകയാണ്. ബാബയ്ക്ക് ഭക്തിമാർഗ്ഗത്തിൽ എത്രയധികം പേരുകളാണ്, പരമാത്മാവ്, രാമൻ, പ്രഭൂ, അല്ലാഹു..... എന്നെല്ലാം വിളിക്കുന്നു. ഒരേ ഒരു ടീച്ചർക്ക് എത്രയധികം പേരുകളാണ് വെച്ചിരിക്കുന്നത് എന്ന് നോക്കൂ. ടീച്ചർക്കാണെങ്കിൽ ഒരേയൊരു പേരേ ഉണ്ടാകൂ. അനേകം പേരുണ്ടാകുമോ? എത്ര അധികം ഭാഷകളാണ്. അതിനാൽ ചിലർ ഭഗവാനേ....യെന്നും ചിലർ ഗോഡ് എന്നും, അങ്ങനെ എന്തെല്ലാം പേരുകളിലാണ് വിളിക്കുന്നത്. സ്വയം മനസ്സിലാക്കിത്തരുന്നു ഞാൻ വന്നിരിക്കുകയാണ് കുട്ടികളേ പഠിപ്പിക്കുന്നതിനുവേണ്ടി. എപ്പോൾ പഠിച്ച് ദേവതയാകുന്നുവോ അപ്പോൾ വിനാശമുണ്ടാകും. ഇപ്പോഴാണെങ്കിൽ പഴയ ലോകമാണ്, ഇതിനെ ആര് പുതിയതാക്കി മാറ്റും? ബാബ പറയുന്നു ഇത് എന്റെതന്നെ പാർട്ടാണ്. ഞാനും ഡ്രാമയ്ക്ക് വശപ്പെട്ടിരിക്കുന്നു. ഭക്തിക്ക് എത്രത്തോളം വിസ്താരമുണ്ട് എന്നതും കുട്ടികൾക്ക് അറിയാം. ഇതും കളിയാണ്. അരകല്പം ഭക്തിയുടെ കളി നടക്കുന്നു. ഇപ്പോൾ ബാബ വീണ്ടും വന്നിരിക്കുന്നു, നമ്മെ പഠിപ്പിക്കുന്നതും അച്ഛനാണ്. ബാബ തന്നെയാണ് ശാന്തി സ്ഥാപിക്കുന്നയാൾ. എപ്പോൾ ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നോ അപ്പോൾ ശാന്തിയുണ്ടായിരുന്നു. ഇവിടെയാണെങ്കിൽ അശാന്തിയാണുള്ളത്. അച്ഛൻ ഒന്നേയുള്ളു. ആത്മാക്കൾ എത്ര അധികമാണ്. എത്ര അത്ഭുതകരമായ കളിയാണ്. സർവ്വാത്മാക്കളുടേയും പിതാവായ ബാബതന്നെയാണ് നമ്മളെ പഠിപ്പിക്കുന്നത്. എത്ര സന്തോഷമുണ്ടായിരിക്കണം.

നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഗോപ ഗോപികമാർ നമ്മൾ തന്നെയാണ് ഗോപീവല്ലഭൻ നമ്മുടെ അച്ഛനും. ആത്മാവിനെ മാത്രമായി ഗോപ ഗോപികമാർ എന്നു പറയില്ല. ശരീരം ഉള്ളപ്പോഴേ ഗോപ ഗോപികമാർ അഥവാ സഹോദരീ സഹോദരന്മാർ എന്ന് പറയാൻ കഴിയൂ. ഗോപീവല്ലഭനായ ശിവബാബയുടെ കുട്ടികളാണ്. ഗോപ ഗോപികമാർ എന്ന പദം തന്നെ മധുരമാണ്. അച്യുതം കേശവം, ഗോപികാ വല്ലഭം, ജാനകീ നാഥം.... എന്ന മഹിമയെല്ലാം ഈ സമയത്തേതാണ്. എന്നാൽ അറിയാത്തത് കാരണത്താൽ എല്ലാകാര്യങ്ങളും ശർക്കരയും ശർക്കര ഭരണിയിലുമാക്കി മാറ്റി. ഈ ബാബയിരുന്ന് വിശ്വത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും കേൾപ്പിക്കുകയാണ്. മനുഷ്യർക്ക് കേവലം ഈ ഖണ്ഡങ്ങളെ മാത്രമേ അറിയൂ. സത്യുഗത്തിൽ ആരുടെ രാജ്യമായിരുന്നു ഉണ്ടായിരുന്നത്, എത്ര സമയം രാജ്യം ഭരിച്ചു– ഇതറിയില്ല എന്തുകൊണ്ടെന്നാൽ കല്പത്തിന്റെ ആയുസ്സിനെ ലക്ഷക്കണക്കിന് വർഷങ്ങളാക്കി. തീർത്തും ഘോരാന്ധകാരത്തിലാണ്. ഇപ്പോൾ ബാബ വന്ന് നിങ്ങൾക്ക് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം നൽകുകയാണ്. ഇതിനെ അറിയുന്നതിലൂടെ നിങ്ങൾ ത്രികാലദർശിയും ത്രിനേത്രിയുമായി മാറുന്നു. ഇത് പഠിപ്പാണ്. ബാബ സ്വയം പറയുന്നു– ഞാൻ കല്പ കല്പത്തിൽ, കല്പത്തിന്റെ സംഗമയുഗത്തിൽ വന്ന് നിങ്ങളെ പുരുഷോത്തമരാക്കി

മാറ്റുന്നു. നിങ്ങൾ തന്നെയാണ് നമ്പർവൈസായി ആകുന്നത്. പഠിപ്പിലൂടെയാണ് ലക്ഷ്യം ലഭിക്കുന്നത്. നിങ്ങൾക്ക് അറിയാം നമ്മളെ പരിധിയില്ലാത്ത ബാബയാണ് പഠിപ്പിക്കുന്നത്. പരമാത്മാവ് നാമ രൂപങ്ങളിൽ നിന്നും വേറിട്ടവതാണ്, തൂണിലും തുരുമ്പിലും പരമാത്മാവുണ്ടെന്നാണ് അവർ പറയുന്നത്. എന്തെല്ലാമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ദേവിമാർക്കും എത്ര കൈകളാണ് നൽകിയിരിക്കുന്നത്. രാവണന് 10 തലകൾ കാണിക്കുന്നു. അതിനാൽ കുട്ടികളുടെ ഹൃദയത്തിൽ ഉണ്ടാകണം സർവ്വാത്മാക്കളുടേയും പിതാവ് നമ്മെ പഠിപ്പിക്കുകയാണ്, പാവനമാക്കി മാറ്റുകയാണ് എങ്കിൽ ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം. എന്നാൽ എപ്പോഴാണോ മറ്റുള്ളവരുടെ മംഗളം ചെയ്ത് എല്ലാവരേയും സന്തുഷ്ടരാക്കുന്നത്, ദയാഹൃദയനാകുന്നത് അപ്പോഴേ സന്തോഷമുണ്ടാകൂ. ആഹാ, ബാബ നമ്മളെ വിശ്വത്തിന്റെ മഹാരാജാവാക്കി മാറ്റുകയാണ്! രാജാവ്, റാണി, പ്രജ എല്ലാവരും വിശ്വത്തിന്റെ അധാകാരിയാകുമല്ലോ. അവിടെ മന്ത്രി ഉണ്ടാകില്ല. ഇപ്പോൾ രാജാക്കന്മാരില്ല പക്ഷേ മന്ത്രിമാർ മാത്രമാണ്. ഇപ്പോൾ പ്രജകൾ പ്രജകളുടെ മേൽ ഭരിക്കുകയാണ്. അതിനാൽ ഓരോ നിമിഷവും ഇത് ബുദ്ധിയിൽ വരണം പരിധിയില്ലാത്ത ബാബ നമ്മളെ എന്താണ് പഠിപ്പിക്കുന്നത്. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവരാണ് ആദ്യം വരുക ഒപ്പം ഉയർന്ന പദവിയും നേടും. ഈ ലക്ഷ്മീ നാരായണന്മാർ എങ്ങനെയാണ് ഇത്രയും ധനികരായി മാറിയത്? എന്താണ് ചെയ്തത്? ഭക്തിമാർഗ്ഗത്തിൽ അഥവാ ആരെങ്കിലും വളരെ ധനികരാണെങ്കിൽ കരുതുന്നത് ഇവർ അത്രയും ഉയർന്ന കർമ്മം ചെയ്തുവെന്നാണ്. ഈശ്വരാർത്ഥം ദാനപുണ്യങ്ങളും ചെയ്യുന്നു. ഇതിനു പകരമായി നമ്മുക്ക് വളരെ അധികം തിരിച്ച് ലഭിക്കും എന്നു കരുതുന്നു. അതിനാൽ അടുത്ത ജന്മത്തിൽ ധനികനായി മാറുന്നു. പക്ഷേ അവർ നൽകുന്നത് ഇൻഡയറക്ടായാണ്, അതിനാൽ അല്പകാലത്തിലേയ്ക്ക് എന്തെങ്കിലും ലഭിക്കും. ഇപ്പോൾ ബാബ ഡയറക്ട് (നേരിട്ട്)വന്നിട്ടുണ്ട്. വരൂ, വന്നു പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് എല്ലാവരും ഓർമ്മിക്കുന്നുണ്ട്. വന്ന് ജ്ഞാനം നൽകൂ ഞങ്ങളെ ഈ ലക്ഷ്മീ നാരായണന്മാരെപ്പോലെയാക്കി മാറ്റു എന്ന് ആരും പറയുന്നില്ല. മനുഷ്യരുടെ ബുദ്ധിയിൽ കൃഷ്ണന്റെ ഓർമ്മയേ വരുന്നുള്ളു. ബാബയെ അറിയാത്തതു കാരണം എത്ര ദുഃഖിയായിരിക്കുന്നു. ഇപ്പോൾ ബാബ നിങ്ങളെ ദൈവീക സമ്പ്രദായത്തിലേതാക്കി മാറ്റുന്നു. നിങ്ങൾ ശാന്തിധാമത്തിൽ ചെന്നിട്ട് പിന്നീട് സുഖധാമത്തിലേയ്ക്ക് വരും. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. തീർച്ചയായും കേൾക്കുന്നുണ്ട് പക്ഷേ കേൾക്കാത്ത മട്ടിലാണ് ഇരിക്കുന്നത്. കല്ലുബുദ്ധിയിൽ നിന്ന് പവിഴബുദ്ധിയായി മാറുന്നതേയില്ല. മുഴുവൻ ദിവസവും ബാബാ-ബാബാ എന്നു മാത്രം ഓർമ്മ വരണം. പതിയ്ക്കു പിന്നാലെ പത്നിയുടെ പ്രാണൻ എങ്ങനെയാണ് പോകുന്നത്. പത്നിക്ക് വളരെ അധികം സ്നേഹമുണ്ടാകും. ഇവിടെയാണെങ്കിൽ നിങ്ങൾ എല്ലാവരും കുട്ടികളാണ്. എന്നിട്ടും സംഖ്യാക്രമത്തിലല്ലേ.

നിങ്ങൾക്ക് അറിയാം ഇങ്ങനെയുള്ള പരിധിയില്ലാത്ത അച്ഛനെ നമ്മൾ ഓരോ നിമിഷവും മറന്നുപോകുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. എന്നിട്ടും മറന്നുപോകുന്നു. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്ന ഇങ്ങനെയുള്ള ബാബയെ നിങ്ങൾ എന്തുകൊണ്ടാണ് മറക്കുന്നത്? മായയുടെ കൊടുങ്കാറ്റ് വരും എങ്കിലും നിങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കൂ. ബാബയെ ഓർമ്മിച്ചാൽ സമ്പത്ത് ലഭിക്കും. എല്ലാവരും സ്വർഗ്ഗവാസി ദേവതയായി മാറും. ബാക്കിയുള്ളവർ ശിക്ഷകൾ അനുഭവിച്ച് പിന്നീട് ആയിത്തീരും. പിന്നീട് പദവിയും വളരെ കുറഞ്ഞുപോകും. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. അച്ഛനേയും ടീച്ചറേയും ഓർമ്മിച്ചുകൊണ്ടിരുന്നാൽ ഇതെല്ലാം ഓർമ്മയിൽ വരും. പക്ഷേ നിങ്ങൾ ടീച്ചറെത്തന്നെ മറന്നുപോകുന്നു. അച്ഛൻ പറയുന്നു ഏതുവരെ ഞാനുണ്ടോ, എപ്പോൾ വിനാശത്തിന്റെ സമയം വന്ന് സർവ്വതും ഈ യജ്ഞത്തിൽ സമർപ്പണമാകുന്നുവോ അതുവരെയും പഠിപ്പ് നടന്നുകൊണ്ടേയിരിക്കും. നിങ്ങൾ പറയും എല്ലാം പഠിപ്പിച്ച് കഴിഞ്ഞല്ലോ ഇനി എന്താണ് പഠിപ്പിക്കുക? ബാബ പറയുന്നു പുതിയ പുതിയ പോയിന്റുകൾ പുറത്ത് വന്നുകൊണ്ടിരിക്കും. നിങ്ങൾ കേട്ട് സന്തോഷിക്കുന്നില്ലേ. അതിനാൽ നല്ല രീതിയിൽ പഠിക്കൂ കുചേലനെപ്പോലെ എന്തെല്ലാം ട്രാൻസ്ഫർ ചെയ്യണമോ അതും ചെയ്തുകൊണ്ടിരിക്കൂ. ഇതും വളരെ വലിയ വ്യാപാരമാണ്. ബാബ വ്യാപാരത്തിൽ വളരെ വിശാലഹൃദയനായിരുന്നു. രൂപയിൽ നിന്ന് ഒരണ ധാർമ്മിക പ്രവർത്തികൾക്ക് ചിലവാക്കുമായിരുന്നു. ചിലപ്പോൾ നഷ്ടം സംഭവിച്ചാലും ആദ്യം ബാബയ്ക്കു തന്നെ ചെയ്യണമായിരുന്നു. ബാബ പറയുമായിരുന്നു താങ്കൾ എത്രത്തോളം ചെയ്യുമോ അതുകണ്ട് മറ്റുള്ളവരും ചെയ്യും. അപ്പോൾ വളരെ അധികം പേരുടെ മംഗളം ഉണ്ടാകും. അത് ഭക്തിമാർഗ്ഗമായിരുന്നു, ഇവിടെയാണെങ്കിൽ എല്ലാം ബാബയ്ക്ക് നൽകിക്കഴിഞ്ഞു. ബാബാ ഇത് മുഴുവൻ സ്വീകരിക്കൂ. ബാബ പറയുന്നു മുഴുവൻ വിശ്വത്തിന്റെ ചക്രവർത്തീ പദവിയാണ് നൽകുന്നത്. വിനാശത്തിന്റെ സാക്ഷാത്ക്കാരവുമുണ്ടായി, ചതുർഭുജധാരിയുടെ സാക്ഷാത്ക്കാരവുമുണ്ടായി. ആ സമയത്ത് ബാബയ്ക്ക് മനസ്സിലായി ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറും. ബാബ വന്ന് പ്രവേശിച്ചിരുന്നല്ലോ. വിനാശം കണ്ടു. ഈ ലോകം തന്നെ അവസാനിക്കുകയാണ് എന്ന് മനസ്സിലായി, ഈ ജോലി മുതലായവയെല്ലാം ചെയ്തിട്ട് എന്തിനാണെന്ന് ചിന്തിച്ചു. കഴുതപ്പണി ഉപേക്ഷിക്കൂ.

നമുക്ക് രാജധാനി ലഭിക്കുകയാണ്. ഇപ്പോൾ ബാബ നിങ്ങൾക്കും മനസ്സിലാക്കിത്തരികയാണ് ഇപ്പോൾ പഴയലോകം മുഴുവനായും വിനാശമാകാൻ പോവുകയാണ്. നിങ്ങളെ കുംഭകർണ്ണന്റെ ഉറക്കത്തിൽ നിന്നും ഉണർത്തുന്നതിനായി എത്ര പരിശ്രമമാണ് ചെയ്യുന്നത്, എന്നിട്ടും നിങ്ങൾ ഉണരുന്നില്ല. കുട്ടികൾക്ക് ഒരച്ഛനെ മാത്രമാണ് ഓർമ്മിക്കേണ്ടത്. എല്ലാം ബാബയ്ക്ക് നൽകിക്കഴിഞ്ഞാൽ തീർച്ചയായും ഒരു ബാബയെ മാത്രമേ ഓർമ്മവരൂ. നിങ്ങൾ കുട്ടികൾക്ക് കൂടുതൽ ഓർമ്മിക്കാൻ സാധിക്കും, ബ്രാഹ്മാബാബയുടെ ചുമലിൽ എന്തെല്ലാം ഉത്തരവാദിത്തങ്ങളാണ്.... ബന്ധനത്തിലുള്ള മാതാക്കളുടെ വാർത്തകൾ എത്രയാണ് വന്നുകൊണ്ടിരിക്കുന്നത്. ബ്രഹ്മാബാബയ്ക്ക് പാവങ്ങൾ അടികൊള്ളുന്നുവല്ലോ എന്ന ചിന്തയുണ്ടാകും. പതി എത്ര ബുദ്ധിമുട്ടിക്കുന്നു. ഡ്രാമയിൽ ഉള്ളതാണ് എന്ന് മനസ്സിലാക്കുന്നു, അല്ലാതെ നമുക്ക് എന്ത് ചെയ്യാൻ കഴിയും. കല്പം മുമ്പും അബലകൾക്കുമേൽ അത്യാചാരം ഉണ്ടായിട്ടുണ്ട്. പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാവുകതന്നെ വേണം. ബാബ പറയുന്നു വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലേയും അന്തിമ സമയത്താണ് ഞാൻ വന്ന് പ്രവേശിക്കുന്നത്. അതിനാൽ തീർച്ചയായും നമ്മൾ തന്നെയായിരുന്നു വെളുത്തവർ ഇപ്പോൾ കറുത്തതായി മാറിയിരിക്കുന്നു. ഞാൻ തന്നെയാണ് ആദ്യ നമ്പറിൽ പോകുന്നത്. ഞാൻ പോയി കൃഷ്ണനാകും. ഈ ചിത്രം കാണുമ്പോൾ ചിന്തയുണ്ടാകുന്നു ഞാൻ പോയി കൃഷ്ണനായി മാറും. അതിനാൽ ബാബ കുട്ടികൾക്ക് നല്ലരീതിയിൽ മനസ്സിലാക്കിത്തരികയാണ്, ഇപ്പോൾ കുട്ടികളുടെ ജോലിയാണ് മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുക. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നമ്മൾ ഗോപീവല്ലഭന്റെ ഗോപ ഗോപികമാരാണ് - ഈ സന്തോഷം അഥവാ ലഹരിയിൽ കഴിയണം. അന്തർമുഖിയായി മാറി വിചാരസാഗര മഥനം ചെയ്ത് ബാബയ്ക്കു സമാനം ടീച്ചറായി മാറണം.

2) കുചേലനു സമാനം തന്റെ എല്ലാം ട്രാൻസ്ഫർ ചെയ്യുന്നതിനോടൊപ്പം പഠിപ്പും നല്ലരീതിയിൽ പഠിക്കണം. വിനാശത്തിനു മുൻപ് ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം. കുംഭകർണ്ണ നിദ്രയിൽ ഉറങ്ങിക്കൊണ്ടിരിക്കുന്നവരെ ഉണർത്തണം.

## വരദാനം:- മധുരതയുടെ ഗുണത്തിലൂടെ സംസ്ക്കാര മിലനം നടത്തിക്കൊണ്ട് മംഗള മിലനം ആഘോഷിക്കുന്ന ഹോളീഹംസമായി ഭവിക്കൂ

ഏതുപോലെയാണോ ഹോളിയിൽ നിറങ്ങളിൽ കളിക്കുന്നത് അതുപോലെ മുഖം മധുരമാക്കി മംഗള മിലനം ആഘോഷിക്കുന്നത്. ഇതുപോലെ താങ്കൾ ഹോളീഹംസ കുട്ടികൾ എപ്പോൾ പരസ്പരം ആത്മീയതയുടെ കൂട്ടുകെട്ടിന്റെ നിറം ചാർത്തി മധുരതയുടെ മിഠായി കഴിപ്പിക്കുന്നോ, താങ്കളുടെ കണ്ണുകളിലൂടെ, മുഖത്തിലൂടെ, പെരുമാറ്റത്തിലൂടെ മധുരത പ്രത്യക്ഷ രൂപത്തിൽ കാണപ്പെടുന്നു അപ്പോൾ മംഗള മിലനം അർത്ഥം സംസ്ക്കാര മിലനം ഉണ്ടാകുന്നു. പരസ്പരം സംസ്ക്കാരങ്ങളുടെ മിലനം ഉണ്ടാകുന്നത് തന്നെയാണ് പ്രത്യക്ഷതയുടെ ആധാരം, ഇതിലൂടെ തന്നെ ജയജയാരവം മുഴങ്ങും.

## സ്ലോഗൻ:- വിദേഹീ സ്ഥിതിയുടെ അഭ്യാസം ചെയ്യൂ - ഈ അഭ്യാസം അപ്രതീക്ഷിതത്തിന്റെ പരീക്ഷയിൽ വിജയിയാക്കും.